ലേഖനം നമ്പർ - 23

# വിശുദ്ധ കുർബ്ബാന - ലഘുവ്യാഖ്യാനം

ഇരുപത്തിമൂന്നാം ഞായറാഴ്ച

**തിരശീല ഇട്ടതിനുശേഷം ഖണ്ഡിപ്പിന്റെ ശുശ്രൂഷ :**

തിരശീല ഇട്ടതിനുശേഷം ഖണ്ഡിപ്പിന്റെ ശുശ്രൂഷ ആരംഭിക്കുന്നു. നമുക്കും സ്വർഗ്ഗീയ സംഘത്തിന്റെ മറവിനും ഇടയ്ക്കുള്ള വിരിയെ സൂചിപ്പിക്കുന്നതാണ് മദ്ബഹായിലെ തിരശ്ശീല, മാലാഖമാർ നോക്കുവാൻ കാംക്ഷിക്കുന്നിടം എന്നുണ്ടല്ലോ... (പത്രോ. 1.12)

**ക്രൂശു മരണം :** ജനങ്ങൾ അൻപുടയോനേ....... തുടങ്ങി ഗാനങ്ങൾ പാടുമ്പോൾ പട്ടക്കാരൻ മദ്ബഹായിൽ രഹസ്യമായി ഖണ്ഡിപ്പിന്റെ ശുശ്രൂഷ നടത്തുന്നു. അപ്പവും വീഞ്ഞും യോജിപ്പിക്കുന്ന ഈ കർമ്മം കർത്താവിന്റെ കഷ്ടാനുഭവം, ക്രൂശുമരണം, കബറടക്കം, ഉയിർപ്പ് എന്നിവയെ സൂചിപ്പിക്കുന്നു. തിരുശരീരം മുറിക്കുകയും അതു പീലാസായിൽ ക്രമപ്പെടുത്തി വയ്ക്കുകയും, തിരുശരീരവും, തിരുരക്തവും തമ്മിൽ കലർത്തുകയും ചെയ്യുന്ന ഈ ശുശ്രൂഷയാണ് ഖണ്ഡിപ്പിന്റെ ശുശ്രൂഷ എന്നറിയപ്പെടുന്നത്.

മശിഹാ ക്രൂശിൽ പ്രാണനെ വിട്ട സമയം സൂര്യൻ ഇരുണ്ടുപോയി. കബറടക്കം, ഉയിർപ്പ് ഇവയെല്ലാം സൂര്യപ്രകാശം ഇല്ലാത്തപ്പോൾ സംഭവിച്ചതിനാൽ ആ സാദൃശ്യത്തിൽ മദ്ബഹാ തിരശ്ശീലയാൽ മറയ്ക്കപ്പെടുന്നു. അപ്പോൾ ഏതാണ്ട് ആറാം മണിനേരമായിരുന്നു. ഒമ്പതാം മണിനേരം വരെ നാട്ടിലെങ്ങും ഇരുട്ടു പരന്നു. സൂര്യന്റെ പ്രകാശം മങ്ങി, ദൈവാലയത്തിലെ തിരശ്ശീല രണ്ടായി കീറി (ലൂക്കോ. 23:44,45). ഗീതങ്ങൾ ചൊല്ലുന്നതിനിടയിൽ മദ്ബഹായിൽ നിന്നു കേൾക്കുന്ന കിലുക്കുമണിയുടെ ശബ്ദം മശിഹായുടെ ഉയിർപ്പിനെ അറിയിക്കുകയാണ്.

കർത്താവിന്റെ ക്രൂശു മരണത്തോടനുബന്ധിച്ചുള്ള അതിപ്രധാന സംഭവങ്ങൾ ഓർക്കുന്ന വളരെ പ്രധാന്യമുള്ള സമയത്ത് പള്ളിയിൽ നിന്ന് പുറത്തിറങ്ങി പോകയോ, അലക്ഷ്യമായി നിൽക്കുകയോ ചെയ്യരുതാത്തതാണ്. ധ്യാനിച്ച് ഭക്തിയോടെ തന്റെ വേദനയിൽ പങ്കുചേർന്ന് നമ്മുടെ പാപങ്ങൾമൂലം ഉണ്ടാകുന്ന കുറ്റങ്ങൾക്ക് മാപ്പിരക്കേണ്ടതാണ്.

വി. കുർബ്ബാനയിലെ നാല് അടിസ്ഥാന ഘടകങ്ങൾ (യേശു) അപ്പം എടുത്തു, വാഴ്ത്തി, നുറുക്കി, (ശിഷ്യന്മാർക്ക്) കൊടുത്തു എന്നിവയാണ്. ഇതിൽ എടുക്കുക എന്നതിന്റെ വികസിത രൂപമാണ് ഒരുക്ക ശുശ്രൂഷ. വാഴ്ത്തുക എന്ന കർമ്മം നടക്കുന്നത് അനാഫോറായിലാണ്. ഖണ്ഡിപ്പിന്റെ ശുശ്രൂഷയിൽ മുറിക്കുന്ന കർമ്മവും, കുർബ്ബാനയനുഭവത്തിൽ കൊടുക്കുന്ന കർമ്മവും നടക്കുന്നു. അപ്പം മുറിക്കുക എന്ന കർമ്മം യഹൂദന്മാരുടെ ഭക്ഷണത്തിലെ സുപ്രധാന ഘടകമായിരുന്നതുകൊണ്ടായിരിക്കണം പുതിയ നിയമത്തിൽ വി. കുർബ്ബാനയ്ക്ക് അപ്പം നുറുക്കുക എന്നു പറഞ്ഞിരിക്കുന്നത്.

ഇന്ന് ഖണ്ഡിപ്പിന്റെ ശുശ്രൂഷയിൽ മൂന്നു ഘടകങ്ങളുണ്ട് വിഭജനം, മുദ്രണം, കലർത്തൽ. അതായത് തിരു ശരീരം മുറിക്കുന്ന കർമ്മം, തിരുരക്തം കൊണ്ട് തിരുശരീരത്തിൽ കുരിശാകൃതിയിൽ മുദ്രയിടുന്നത്, തിരുശരീരം തിരുരക്തത്തിലും, തിരുരക്തം തിരുശരീരത്തിലും കലർത്തുന്ന കർമ്മം ഇവയാണ് മൂന്നു കർമ്മങ്ങൾ.

പട്ടക്കാരൻ അപ്പം കൈകളിലെടുത്തു മുറിച്ച് ഒരുഭാഗം രക്തത്തിൽ മുക്കി റൂശ്മാ ചെയ്തിനു ശേഷം ആത്മാവും ശരീരവും തമ്മിലുള്ള ഐക്യം സൂചിപ്പിക്കുവാനായി ശരീരത്തിന്റെ ഒരു ഭാഗമെടുത്തു രക്തത്തിലിടുന്നു. അതിനുശേഷം അപ്പക്കഷണങ്ങൾ യോജിപ്പിച്ചു വയ്ക്കുന്നു. ഇത് ക്രിസ്തുവിന്റെ മരണശേഷം തന്റെ ദൈവത്വവും മനുഷ്യത്വവും തമ്മിൽ വേർപെട്ടില്ല എന്നു സൂചിപ്പിക്കുവാനാണ്. സർവ്വലോകത്തിന്റെയും നിരപ്പിനും സമാധാനത്തിലുമായി ക്രിസ്തു ക്രൂശിൽ മരിച്ചു. (കൊലോ 1:20) എന്നതിന്റെ ഓർമ്മയ്ക്കായി അപ്പക്കഷണങ്ങൾ വൃത്താകൃതിയിൽ ചേർത്തുവയ്ക്കുന്നു. തുടർന്ന് ക്രിസ്തുവിന്റെ ഉയിർപ്പിനെ സ്മരിക്കുവാനായി പട്ടക്കാരൻ ഖണ്ഡിക്കപ്പെട്ട തിരുശരീരം എടുത്തുയർത്തുന്നു. ഈ സമയം കർത്താവിന്റെ ഉയിർപ്പിനെ പ്രഖ്യാപിക്കുവാനായി മദ്ബഹായിൽ കൈമണികൾ കിലുക്കുന്നു.

ഈ സമയത്ത് സാധാരണയായി രണ്ടു ഗീതങ്ങളാണ് ക്രമപ്പെടുത്തിയിരിക്കുന്നത്. അൻപുടയോനേ എന്നു തുടങ്ങുന്ന ഗീതവും, സ്രാപ്പികളെ കണ്ടേശായാ.... എന്നു തുടങ്ങുന്ന ഗീതവും. ആദ്യത്തേത് പാപികളായ ജനങ്ങൾ ദൈവത്തോട് കരുണയും ദയയും യാചിക്കുന്നതും, രണ്ടാമത്തെ ഗീതം സ്വർഗ്ഗീയ ആരാധനയെ പ്രകീർത്തിച്ചുകൊണ്ട് മാലാഖമാർ ചൊല്ലുന്നതായി യശയ്യാ പ്രവാചകന്റെ ദർശനവും (യെശ. 6:1-7). മാലാഖമാർ പോലും വിനയത്തോടെ നിൽക്കുന്ന ശുശ്രൂഷയിൽ വിശ്വാസികളും അതേ വിനയവും, താഴ്മയും കാണിക്കണമെന്ന് സാരം.

**ലുത്തിനിയ :** ഖണ്ഡിപ്പിന്റെ ശുശ്രൂഷയുടെ അവസാനം ചൊല്ലുവാൻ ഒമ്പതു ലുത്തീനിയകൾ പിതാക്കന്മാർ ക്രമീകരിച്ചിട്ടുണ്ട് (സമയ ലഭ്യതയനുസരിച്ച് ഏതാനും ലുത്തിനിയകൾ ചൊല്ലാവുന്നതാണ്). ദൈവിക കരുണയും, കൃപയും യാചിച്ചുകൊണ്ട് ശുശ്രൂഷകൻ വായിക്കുകയും ജനം അതിനുള്ള പ്രതിവാക്യം ഇടകലർത്തി പറയുകയും ചെയ്തുകൊണ്ടുള്ള ഈ വായനയെ ലൂത്തിനിയ എന്ന പേരിലാണറിയപ്പെടുന്നത്.

ഖണ്ഡിപ്പിന്റെ ശുശ്രൂഷയുടെ പ്രാധാന്യം എല്ലാവരും മനസ്സിലാക്കികൊണ്ട് മുഴുവൻ സമയവും നിന്നുകൊണ്ട് പങ്കെടുക്കണം. ഈ സമയത്ത് തിരശ്ശീല ഇട്ടിരിക്കുന്നതുകൊണ്ട് ഇരിക്കാമെന്നു വിചാരിക്കരുത്. ■

*(തുടരും...)*

*അഭി. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്തായുടെ മേൽനോട്ടത്തിൽ ഫാ. പി. ഐ. വർഗ്ഗീസ്, ഫാ. കെ. വൈ. ചാക്കോ, ഫാ. ജിജു വർഗ്ഗീസ് എന്നിവർ തയ്യാറാക്കിയത്.*

## പ്രാർത്ഥനാ യോഗങ്ങൾ

St. George Unit (Kaloor Area)
01/03/2015
കോശി വർഗ്ഗീസ്,
എക്സ്പ്രസ് ഗാർഡൻ D-4,
കലൂർ
Ph: 2338193, 9446406193

St. Marys Unit (Central Area)
01/03/2015
ഇ. തോമസ് ജേക്കബ്
ഇളയിടത്തുശ്ശേരിയിൽ,
ആർ. മാധവൻ നായർ റോഡ്, രവിപുരം
Ph: 2367661, 98460 30766

St. Thomas Unit (North - Pachalam Area)
01/03/2015
ഏ.വി. ജോസ്
അയ്യംകുളങ്ങര,
പാലപറമ്പ് റോഡ്, പച്ചാളം,
Ph: 2392026, 9388657380

## ഏകോപന യോഗം

22/03/2015

സംയുക്ത പ്രാർത്ഥന യോഗം കത്തീഡ്രലിൽ 3.30 ന് ആരംഭിക്കുന്നു.
ബഹു. ടി. പി. കുര്യൻഅച്ചൻ സന്ദേശം നൽകുന്നതാണ്.

## വി. കുർബ്ബാനസമയം

**എളംകുളം ചാപ്പൽ:** Mar. 08 - 10.30 a.m., Mar. 15 - 07.00 a.m., Mar. 22 - 10.00 am; Mar. 29 - 07.00 am; Apr. 5 - 10.30 am

**സെമിത്തേരിമുക്ക് ചാപ്പൽ:** Mar. 08 - 07.30 a.m., Mar. 22 - 07.30 am; Apr.0 5 - 07.30 am

എല്ലാ ശനിയാഴ്ചയും കുർബ്ബാന 6.45 a.m.

Editorial Board: P.T. John, K.K. George (94470 40484), Mammen Abraham & Suma Mathew. Design&Lay-out : dittografix, printed at Geo print shop, Ernakulam
*Website: www.stmarysorthodoxcathedralekm.org Email: georgekaithayil @yahoo.com For Private Circulation only*
**Edited & Published by:** K.K. George for **St. Mary's Orthodox Cathedral, Ernakulam. Phone : 0484-2352490**





PARISH News
MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM
VOL : 9 ● ISSUE : 03
MARCH 2015

## എഡിറ്റോറിയൽ

# വേദപുസ്തകം

കഴിഞ്ഞകാലങ്ങളിൽ ക്രിസ്തീയ കുടുംബങ്ങളിൽ നിർബന്ധമായും നടന്നു വന്നിരുന്ന ഒരു കാര്യമായിരുന്നു എല്ലാവരും വേദപുസ്തകം ദിവസവും വായിക്കുകയെന്നത്. അതിന്റെ പ്രാധാന്യം ഇന്നു കുറഞ്ഞുവരികയാണ്. സങ്കീർത്തന പുസ്തകത്തിൽ ഇങ്ങിനെ പറയുന്നു. യഹോവയുടെ ന്യായപ്രമാണത്തിൽ സന്തോഷിച്ച് അവന്റെ ന്യായപ്രമാണത്തെ രാപ്പകൽ ധ്യാനിക്കുന്നവൻ ഭാഗ്യവാൻ (സങ്കീ 1:2). ദൈവവചനങ്ങൾ കുറിച്ചിട്ടിരിക്കുന്ന പുസ്തകം ക്രിസ്ത്യാനികൾ വായിച്ചിരിക്കണമെന്ന് ഇപ്പോഴുള്ള കുട്ടികളെ പഠിപ്പിച്ചെടുക്കേണ്ടതുണ്ട്.

ഇന്നത്തെ ഒരു "വേദപുസ്തകത്തിന്റെ ജീവചരിത്രം" വായിച്ചതോർക്കുന്നു.

ജനു. 15:- ഒരാണ്ടിന്റെ തുടക്കം. എനിക്ക് സ്വസ്ഥതയാണ്. ഉടമസ്ഥൻ എന്നെ രണ്ടോ മൂന്നോ പ്രാവശ്യം തുറന്നു. അത്രമാത്രം. വായിക്കാൻ മിനക്കെട്ടില്ല. ഉടമസ്ഥൻ എന്നെ എടുത്തു സൺഡേ സ്ക്കൂളിൽ കൊണ്ടുപോയി. അവിടെയും വായിക്കേണ്ടിവന്നില്ല.

ഫെ. 3:- ശുചീകരണദിനമായിരുന്നതുകൊണ്ട് എന്നെ എടുത്തു പൊടിതുടച്ച് യഥാസ്ഥാനത്തു വച്ചു.

ഏപ്രിൽ 2:- ഉടമസ്ഥന് ഇടവക പള്ളിയിൽ പ്രസംഗിക്കേണ്ടിയിരുന്നു. പെട്ടെന്ന് ചില ഭാഗങ്ങൾ മറിച്ചുനോക്കി കുറിച്ചെടുത്തു.

മെയ് 5:- വല്ല്യമ്മച്ചിയുടെ മടിയിൽ. അതു എനിക്ക് വളരെ പ്രിയപ്പെട്ട സ്ഥലമാണ്. വല്ലപ്പോഴും വല്യമ്മച്ചി എന്നെ ഉമ്മ വയ്ക്കാറുണ്ട്. കണ്ണിന് കുഴപ്പമുള്ളതുകൊണ്ട് വായന കുറവാണ്.

മെയ് 9:- രാവിലെ യോഹ 14:1-3ൽ വല്ല്യമ്മച്ചിയുടെ കണ്ണുനീരു വീണത് ഓർക്കുന്നു. അന്നു വൈകിട്ട് വല്ല്യമ്മച്ചി കടന്നു പോയി. എന്റെ സ്ഥിതി പഴയതു തന്നെ.

ജൂൺ 20:- വീട്ടിൽ ഒരു കുഞ്ഞു ജനിച്ചു. ആ വിവരം എന്റെ ഒരു പുറത്തെഴുതി.

ജൂലൈ 1:- എന്നെ സ്യൂട്ട്കേസിൽ വച്ചുകൊണ്ട് അവധി ആഘോഷത്തിനു പോയി.

ജൂലൈ 25:- ആ ഇരുപ്പിരുന്ന് വീട്ടിൽ തിരിച്ചെത്തി. എന്നെ എടുത്തുകൊണ്ട് യാത്ര പോയതെന്തിനെന്നു മനസ്സിലായില്ല.

ആഗസ്റ്റ് 16:- ഇന്ന് ഇടവക വികാരി ഇവിടെ ഊണിനു വന്നിരുന്നെന്നു കേട്ടു. എന്നെ എടുത്തു പൊടിതുടച്ചു വച്ചു.

ആസസ്റ്റ് 28:- വല്ല്യമ്മച്ചിയുടെ മരണവിവരവും എന്റെ ഒരു പേജിലുള്ള കുടുംബ റെക്കാർഡിൽ ഉടമസ്ഥൻ എഴുതിച്ചേർത്തു. അദ്ദേഹത്തിന്റെ കണ്ണട എന്റെ ഉള്ളിൽ വച്ച് മറന്നുപോയി.

ഡിസംബർ 31:- ഉടമസ്ഥൻ ഇപ്പോഴാണ് തന്റെ കണ്ണട കണ്ടെടുക്കുന്നത്. അദ്ദേഹം എന്നെ സംബന്ധിച്ച് പുതുവർഷത്തേക്ക് കഴിഞ്ഞ വർഷത്തേതുപോലെയല്ലാത്ത ഒരു തീരുമാനമെടുക്കുമോ എന്തോ?

ഈ കഥ സാങ്കല്പികമാണെങ്കിലും ഇപ്പോഴത്തെ കുടുംബങ്ങളിൽ നടക്കുന്നതു തന്നെയാണെന്ന് നമുക്കെല്ലാവർക്കും അറിയാം. ഏറ്റവും പഠിപ്പും അറിവുമുണ്ടെന്നഭിമാനിക്കുന്ന സുറിയാനി ക്രിസ്ത്യാനികളുടെ ഇടയിലാണ് ഇങ്ങിനെ നടക്കുന്നത്.

*ശേഷം രണ്ടാം പേജിൽ...*

## ഇടയ ലേഖനം

# വരളുന്ന നീരുറവകൾ

(ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത)



ഇക്കഴിഞ്ഞ മൺസൂൺ സീസണിൽ സാധാരണയിൽക്കവിഞ്ഞ് മഴ പെയ്തിട്ടും നീരുറവകളും കുളങ്ങളും ജലാശയങ്ങളും വറ്റിവരളുകയാണ്. ജല-ഭക്ഷണദൗർലഭ്യം മൂലം വന്യമൃഗങ്ങൾ അവയുടെ സ്ഥിരമായ വീട്ടിൽ നിന്നും നാട്ടിലേക്കിറങ്ങുന്നതുവഴിയുള്ള പ്രശ്നങ്ങളും അധികരിച്ചിട്ടുണ്ട്. പ്രകൃതിയിലെ ചില അജ്ഞാതപ്രതിഭാസങ്ങൾ കൊണ്ടോ, പ്രകൃതിയെ മനുഷ്യൻ അധികമായി ചൂഷണം ചെയ്യുന്നതുകൊണ്ടോ എന്തോ ഭൂമിയിലെ ആവാസവ്യവസ്ഥയ്ക്ക് ഭീഷണിയും കോട്ടവും നേരിട്ടുകൊണ്ടിരിക്കുന്നു. ഇങ്ങനെപോയാൽ ഈ ഗ്രഹത്തിൽ ഏതെങ്കിലും രൂപത്തിലുള്ള ജീവനും ജീവികളും നിലനില്ക്കുമോ എന്ന ആശങ്ക പടരുന്നുമുണ്ട്.

ലാഭമുണ്ടാക്കാനും സ്വാർത്ഥതാപൂരണത്തിനും, സുഖലോലുപതയ്ക്കുമായി പ്രകൃതിയെ നശിപ്പിക്കുന്നതിന്റെ ദോഷഫലങ്ങൾ കണ്ടുതുടങ്ങിയിട്ട് നാളേറെയായി. ഇനി എന്തെല്ലാം സുനാമികളാകുമോ അവതരിക്കുക. മാരകങ്ങളായ വാതകങ്ങളും, വനനശീകരണവും, കുന്നുടക്കലും, നീർത്തടം നികത്തലുമെല്ലാം ഈ ദുരന്തത്തിന്റെ ആഗമനം ത്വരിതപ്പെടുത്തിക്കൊണ്ടിരിക്കുന്നു. കുടിനീർത്തേടി ബോർകിണറുകൾ പാതാളംവരെയെത്തുമ്പോൾ ഭൂമിയിലെ ജലസമ്പത്ത് ഓടിയൊളിച്ചതായി കണ്ട് മനുഷ്യൻ അമ്പരക്കുന്നു. ഇനി കുടിവെള്ളവും ഇല്ലാതെ വന്നാൽ?

"നീരുറവ"കളുടെ പട്ടികയിൽ കാരുണ്യം, മനുഷ്യസ്നേഹം, ക്ഷമ, ഉദ്ദേശ്യശുദ്ധി മുതലായ സ്രോതസ്സുകളും ഇടം പിടിച്ചിട്ടുണ്ട്. ഒരു ഭാഗത്ത്, ജീവിത സൗകര്യങ്ങൾ എന്നത്തേക്കാളുമധികം വർദ്ധിച്ചുവരുന്നു. അതു മനുഷ്യനന്മക്കും സുഖത്തിനുമാണെന്നു വിവക്ഷിക്കപ്പെടുന്നു. മറുവശത്ത് അജ്ഞാതമായ വിമാനാപകടങ്ങൾ, കഴുത്തറത്തുള്ള അറുംകൊല, തട്ടിക്കൊണ്ടുപോകൽ, സ്ത്രീപീഡനം, അഴിമതി, സ്വജനപക്ഷപാതം ലൈംഗിക അരാജകത്വം മുതലായവയും വർദ്ധിച്ചുവരുന്നു. ഈ കൊച്ചു കേരളത്തിൽ കൗമാരപ്രായക്കാരുടെയിടയിൽ H.I.V. രോഗം വർദ്ധിക്കുന്നു എന്ന വാർത്ത ആശങ്കയുളവാക്കുന്നതാണ്. Same Sex Marriage, Live-in Relationship, Gay Movement തുടങ്ങിയവയെ പല രാജ്യങ്ങളും സാമാന്യമായി കരുതി അംഗീകരിച്ചു കഴിഞ്ഞു.

ജീവിതത്തിൽ വിശുദ്ധസ്നേഹം, ഈശ്വരസ്നേഹം, മനുഷ്യബന്ധം, ദീനാനുകമ്പ, അച്ചടക്കം, സേവന തല്പരത എന്നിങ്ങനെയുള്ള നീരുറവകൾ മറ്റു പല കാര്യങ്ങളാലും സാഹചര്യങ്ങളാലും മൂടിപ്പോയിട്ടുണ്ട്. മനുഷ്യജാതിയുടെ നന്മക്കും പുലർച്ചക്കും അനിവാര്യമായ ഈ നീരുറവകൾ കണ്ടെത്തി , അവ വറ്റിപ്പോകാതെ സൂക്ഷിച്ചില്ലെങ്കിൽ എല്ലാ ജീവജാലങ്ങളുടെയും നിലനില്പുതന്നെ അപകടത്തിലാകും. സംസ്കാരം എന്നതിന്റെ നിർവ്വചനം തന്നെ അനുദിനം മാറിവരുന്നതായിക്കാണാം. ജീവിത-സാമൂഹ്യ മൂല്യങ്ങൾ വ്യക്തികൾ അവരവരുടെ താല്പര്യമനുസരിച്ച് രൂപീകരിക്കുന്നതോടെ സമൂഹജീവിതം അസാദ്ധ്യമാകുന്നു; കുടുംബങ്ങൾ വിഘടിതമാകുന്നു. പ്രത്യക്ഷത്തിൽ ചില സമൂഹങ്ങളിലെങ്കിലും മതബോധത്തിന്റെ പ്രത്യക്ഷവൽക്കരണം ദൃശ്യമാണെങ്കിലും തിന്മകൾ വർദ്ധി

*ശേഷം രണ്ടാം പേജിൽ...*

## വികാരിയുടെ കത്ത്

# ആത്മതപനം വഴി പറുദീസയിലേക്ക്

**ഫാ. പി. ഐ. വർഗ്ഗീസ്**



തീർത്ഥാടനത്തിന് തയ്യാറെടുപ്പു നടത്തുന്ന ശിഷ്യസമൂഹത്തോട് ഗുരു പറഞ്ഞു. ഒരു പാവയ്ക്കയും കൂടെ കൊണ്ടുപോവുക, എല്ലാ പുണ്യതീർത്ഥങ്ങളിലും ഇത് നിമഞ്ജനം ചെയ്യുകയും എല്ലാ ശ്രീകോവിലുകളിലും ഇത് കൊണ്ടുപോവുകയും വേണം. യാത്രയ്ക്കുശേഷം മടങ്ങിവന്നപ്പോൾ തീർത്ഥങ്ങളിൽ കൊണ്ടുപോയ പാവയ്ക്ക പാകം ചെയ്ത് പ്രസാദമായി വിളമ്പി. രുചിച്ചുനോക്കിയശേഷം അല്പം പരിഹാസത്തോടെ ഗുരു പറഞ്ഞു "ശ്രീകോവിലുകൾക്കും പുണ്യതീർത്ഥങ്ങൾക്കും പാവയ്ക്കയുടെ കയ്പ് കളയാൻ കഴിഞ്ഞില്ലെന്നത് വിസ്മയാവഹം തന്നെ."

പാപം നിറഞ്ഞ മനുഷ്യമനസ്സും കയ്പ് നിറഞ്ഞ ഈ പാവയ്ക്കക്ക് തുല്യമാണ്. മനുഷ്യമനസ്സിനെ വികൃതമാക്കുന്ന, വ്രണപ്പെടുത്തുന്ന, വികലമാക്കുന്ന പാപത്തിന്റെ നികൃഷ്ടമായ മുൾപ്പടർപ്പിനെ വേരോടെ പിഴുതെറിയുവാനുള്ള ഒറ്റമൂലി പശ്ചാത്താപം മാത്രമാണ്. ഒരു പുണ്യസ്നാനവും, ദേവാലയ സന്ദർശനവും, ഒരു പ്രാർത്ഥനായോഗവും മനസ്സിന്റെ പാപകയ്പിനെ ഉന്മൂലനം ചെയ്യാൻ ഉപകരിക്കുകയില്ലായെന്നത് പകൽപോലെ പരമാർത്ഥമാണ്. പാവയ്ക്കയുടെ കയ്പ് മാറണമെങ്കിൽ അതിന്റെയുള്ളിൽ പരിവർത്തനം ഉണ്ടാകണം, മനുഷ്യനിലും പാപത്തിന്റെ കയ്പ് മാറണമെങ്കിൽ അവന്റെയുള്ളിൽ പരിവർത്തനമുണ്ടാകണം. പരിവർത്തനമുണ്ടാകണമെങ്കിൽ അവൻ മനസ്സുതിരിഞ്ഞ് പശ്ചാത്തപിക്കണം.

എന്താണ് യഥാർത്ഥ പശ്ചാത്താപം? തിന്മയുടെ പ്രഭവകേന്ദ്രമായി മാറുന്ന മനുഷ്യന്റെ മനസ്സും ഹൃദയവും ആത്മാവും അനുതാപത്തിന്റെ മിഴിനീരാൽ കഴുകി വെടിപ്പാക്കി ദൈവവാസയോഗ്യമാക്കുന്ന പ്രക്രിയയാണത്. ചുരുക്കത്തിൽ പശ്ചാത്താപമെന്നത് ഒരുവന്റെ പാപപങ്കിലഹൃദയവും, മനസ്സും മാറ്റി അവനിൽ ദൈവത്തിന്റെ ഹൃദയവും മനസ്സും സ്ഥാപിക്കലാണ്. ഇത് ഒരു transplantation അഥവാ മാറ്റിവെക്കലാണ്. യഥാർത്ഥത്തിൽ മനസ്സും ഹൃദയവും ദൈവത്തിന്റെ വാസസ്ഥലമായിത്തീരുന്നു, പറുദീസയായി മാറുന്നു. ഇത് കാണുവാനോ അനുഭവിക്കുവാനോ നമുക്ക് കഴിയാതെ പോകുന്നത് നമ്മിലെ പാപം നിമിത്തമാണ്. ആയതിനാൽ ജീവിതത്തിൽ പശ്ചാത്താപം അനിവാര്യമാണ്.

പശ്ചാത്താപത്തിന്റെ ആവശ്യകത നമ്മെ ബോദ്ധ്യപ്പെടുത്തുന്ന സുപ്രധാനമായ ഒരു വേദഭാഗമാണ് Luke 13: ആദ്യഭാഗം. അവിടെ വളരെ വ്യക്തമായി പറയുന്നു പീലാത്തോസ് ബലിയർപ്പണ സമയത്ത് ഏതാനും ചില ഗലീലാക്കാരെ വധിച്ചത് അവർ മറ്റെല്ലാ ഗലീലാക്കാരെക്കാൾ കൂടുതൽ പാപികളായിരുന്നിട്ടല്ല. അതുപോലെ ശീലോഹയിലെ ഗോപുരം ഇടിഞ്ഞുവീണ് മരണം പ്രാപിച്ച 18 പേർ അന്ന് യെരൂശലേമിൽ ജീവിച്ചിരുന്ന എല്ലാ മനഷ്യരേക്കാൾ പാപികളായിരുന്നിട്ടല്ല, നേരെമറിച്ച് ആകസ്മികമായ ഇവരുടെ മരണം അന്ന് ഇത് കണ്ടവരും, ഇന്ന് അത് വായിച്ചറിയുന്നവരുമായ എല്ലാവർക്കും അനുതപിക്കുവാനും ദൈവമാർഗ്ഗത്തിൽ ചരിക്കുവാനും വേണ്ട മുന്നറിയിപ്പായി മാത്രം കരുതിയാൽ മതി എന്നാണ് യേശുനാഥൻ അർത്ഥമാക്കുന്നത്. അതുപോലെ അപ്രതീക്ഷിതമായ അനർത്ഥങ്ങളിലും പ്രകൃതിക്ഷോഭങ്ങളിലും അത്യാഹിതങ്ങളിലും ജീവൻ പൊലിയുന്നവർക്ക് അനുതപിക്കുവാൻ അവസരം ലഭിക്കുന്നില്ല എന്ന യാഥാർത്ഥ്യം ഓർത്ത് നാം എല്ലായിപ്പോഴും പശ്ചാത്താപത്തോടും ഒരുക്കത്തോടും ജീവിക്കണം എന്ന ഓർമ്മപ്പെടുത്തലാണ് ഓരോ ദുഃഖസംഭവങ്ങളും.

പശ്ചാത്താപം മരണനേരത്തേക്ക് മാറ്റിവെക്കുന്ന മൂഢന്മാർക്കുള്ള ഒരു മുന്നറിയിപ്പുകൂടിയാണ് മുകളിൽ പ്രതിപാദിച്ച സന്ദർഭങ്ങൾ. ഒരിക്കൽ ഒരു മനുഷ്യൻ തന്റെ ആത്മീയാചാര്യനോടു ചോദിച്ചു: "ഗുരോ, എനിക്ക് മാനസാന്തരപ്പെട്ട് നല്ല ജീവൻ നയിക്കുവാൻ ആഗ്രഹമുള്ളതിനാൽ എന്നാണ് പശ്ചാത്തപിച്ച് തിരിച്ചു വരേണ്ടത്". ഗുരു പറഞ്ഞ ഉത്തരം, "അന്ത്യശ്വാസം വലിക്കാൻ തുടങ്ങുമ്പോൾ" എന്നായിരുന്നു. ആ മനുഷ്യൻ വിസ്മയത്തോടെ വീണ്ടും ചോദിച്ചു: "അതിന് അന്ത്യദിനം നമുക്ക് നിശ്ചയമില്ലല്ലോ". ഗുരു ശാന്തനായി മറുപടി കൊടുക്കുന്നു: "നീ പറഞ്ഞതു ശരിയാണ്. അന്ത്യദിനം നമുക്ക് നിശ്ചയമില്ലാത്തതിനാൽ ഇന്നുതന്നെ പശ്ചാത്തപിച്ച് നല്ല മനുഷ്യനായി തീരുക". കർത്താവിങ്കലേക്ക് തിരിയുവാൻ വൈകരുത്. നാളെ നാളെ എന്നു നീട്ടവയ്ക്കുകയുമരുത്. ദൈവത്തോടുകൂടെയുള്ള അധിവാസം അഥവാ പറുദീസ നമുക്ക് അന്യമായിപ്പോകും. ■

*എഡിറ്റോറിയൽ തുടർച്ച...*

ഇനിയും രണ്ടാം ലോകമഹായുദ്ധത്തിന് മുൻപ് പോളണ്ടിലെ ഒരു ചെറിയ ഗ്രാമത്തിൽ നടന്ന സംഭവത്തെക്കുറിച്ച് മൈക്കൾ ബില്ലസ്റ്റർ എന്ന വേദപുസ്തകവിതരണക്കാരന്റെ അനുഭവം ശ്രദ്ധിക്കാം. ബില്ലസ്റ്റർ ഒരു ഗ്രാമീണന് ഒരു വേദപുസ്തകം കൊടുക്കുകയും "അയാൾ അതു വായിച്ചു ക്രിസ്തുമതം സ്വീകരിക്കുകയും ചെയ്തു". ആ ഒരു വേദപുസ്തകം അയാൾ 200 പേർക്ക് കൈമാറുകയും അവരെല്ലാം അത് ഉപയോഗപ്പെടുത്തി രക്ഷിക്കപ്പെടുകയും ചെയ്തു. 1940-ൽ ബില്ലസ്റ്റർ അവിടെയൊരു ക്രിസ്ത്യാനികളുടെ കൂട്ടത്തിൽ പ്രസംഗിക്കേണ്ടിവരികയും അയാളുടെ നിർബ്ബന്ധമില്ലാതെ തന്നെ അവിടെ കൂടിയവർ വേദപുസ്തകത്തിൽ നിന്ന് വാക്യങ്ങൾ ചൊല്ലുവാനാരംഭിച്ചു. പക്ഷെ അതിൽ പലർക്കും വേദപുസ്തകത്തിലെ അദ്ധ്യായങ്ങൾ വളരെ ഹൃദിസ്ഥമായിരുന്നു. അവരിൽ പലരും അദ്ധ്യായങ്ങളും, പുസ്തകങ്ങളും അപ്പടി മനഃപാഠമാക്കിയിരുന്നു. അതിൽ 13 പേർക്ക് മത്തായി, ലൂക്കോസ് എന്നീ പുസ്തകങ്ങളും ഉല്പത്തി പുസ്തകത്തിന്റെ പകുതിയോളവും കാണാപാഠമായിരുന്നു. മറ്റൊരാൾ സങ്കീർത്തനം മുഴുവൻ പഠിച്ചിരുന്നു.

ഇതാണ് വേദപുസ്തകത്തിനുള്ള ശക്തി. ഞാൻ നിന്നോട് പാപം ചെയ്യാതിരിക്കേണ്ടതിന് നിന്റെ വചനത്തെ ഹൃദയത്തിൽ സംഗ്രഹിക്കുന്നു(സങ്കീ.119:11). ഇതായിരിക്കണം നാം പ്രാർത്ഥനയിൽ ഓർക്കേണ്ടത്. ശക്തിയേറിയ ദൈവവചനം ഹൃദയത്തിൽ സൂക്ഷിക്കുമ്പോൾ അതു വിലയേറിയതായിത്തീരുന്നു. അത് ഷെൽഫിലല്ല ഹൃദയത്തിലാണ് സൂക്ഷിക്കേണ്ടത്. ■

*ഇടയലേഖനം തുടർച്ച...*

ക്കുന്നതല്ലാതെ കുറയുന്നതായിക്കാണുന്നില്ല. ത്യാഗം, പരസുഖം എന്നിവ തഴച്ചു വളരാതെ ബന്ധങ്ങൾ ദൃഢമാവുകയില്ല.

ആകയാൽ മേല്പറഞ്ഞ നന്മയുടെ നീരുറവകൾ തെളിക്കാനുള്ള ശ്രമം പല തലങ്ങളിൽ തുടങ്ങേണ്ടതാണ്. ഇവയെപ്പറ്റിയുള്ള അറിവ്, കേവലം അറിവായി ചുരുങ്ങാൻ പാടില്ല. ഈ സൽഗുണങ്ങളുടെ ജീവിക്കുന്ന ദൃഷ്ടാന്തങ്ങളാണ് നീരുറവകൾ വറ്റാതിരിക്കാനുള്ള അതുല്യമായ പ്രേരകശക്തി.

ചൂടു കൂടുകയും മഴ കുറയുകയും ചെയ്യുമ്പോൾ നാം പ്രകൃതിയെ പഴിക്കാറുണ്ട്. പ്രകൃതിക്ക് ആരോടും പ്രത്യേക മമതയോ വിദ്വേഷമോ ഇല്ല. അപ്രകാരം തന്നെ നല്ല ശീലങ്ങളുടെ നീരുറവകൾ തുറന്നില്ലെങ്കിൽ നാം നമ്മുടെതന്നെ ശവക്കുഴി തീർക്കുകയായിരിക്കും ഫലം. ■

## കുടുംബ വിശേഷങ്ങൾ

### മാമോദീസ

പൊന്നുരുന്നി വരയന്നൂർ ശ്രീമതി മഞ്ചുറേച്ചൽ മാത്യുവിന്റെയും ശ്രീ റോജി പി. സഖറിയയുടെയും മകൻ **മാത്യു** 14-02-2015ൽ മാമോദീസ സ്വീകരിച്ചു.

തൈക്കൂടം മോടിശ്ശേരിൽ ശ്രീ ഉതുപ്പ് കുര്യന്റെയും ശ്രീമതി സിമി മർക്കോസിന്റെയും മകൻ **പോൾ ഉതുപ്പ് കുര്യൻ** 22-02-2015ൽ മാമോദീസ സ്വീകരിച്ചു.

*ഈ പൈതങ്ങൾക്ക് ദൈവകൃപ ആശംസിക്കുന്നു*





### വിവാഹം



കടവന്ത്ര ഇന്ദിരാനഗർ കൊച്ചുപാറേട്ട് ശ്രീ. ജോർജ്ജ് മാത്യു ഫിലിപ്പിന്റെയും ശ്രീമതി ശോഭാ ജോർജ്ജിന്റെയും മകൻ **ZUBIN MATHEW**-വും, വാകത്താനം പതിയപ്പള്ളിൽ ശ്രീ. ബാബു കുര്യന്റെയും ശ്രീമതി സുനു ബാബു കുര്യന്റെയും മകൾ **MARIAM KURIAN**-നും തമ്മിലുള്ള വിവാഹം 11.01.2015-ൽ കത്തീഡ്രലിൽ നടന്നു.

പനമ്പിള്ളിനഗർ പാറപ്പുറം (കൈരളി അപ്പാർട്ടുമെന്റ്) ശ്രീ. കെ. ജേക്കബിന്റെയും ശ്രീമതി ആനി ജേക്കബിന്റെയും മകൻ **നിഷാന്ത് കുര്യൻ ജേക്കബും,** കോട്ടയം കാരാപ്പുഴ മാളിയേക്കൽ ശ്രീ. മാത്യു ജോർജ്ജിന്റെയും ശ്രീമതി നാൻസി മാത്യുവിന്റെയും മകൾ **വിനയ മാത്യുവും** തമ്മിലുള്ള വിവാഹം 07.02.2015ൽ കത്തീഡ്രലിൽ നടന്നു.

എറണാകുളം നോർത്ത് കടുക്കര (Peaceline) ശ്രീ. കെ. ടി. തോമസിന്റെയും ശ്രീമതി സൂസി തോമസിന്റെയും മകൻ **ജോൺ തോമസും,** തിരുവനന്തപുരം കേശവദാസപുരം പുത്തൻവീട് ശ്രീ. പി. സ്കറിയാ രാജന്റെയും ശ്രീമതി മറിയാമ്മ രാജന്റെയും മകൾ **റീമ മേരി രാജനും** തമ്മിലുള്ള വിവാഹം 09.02.2015ൽ കത്തീഡ്രലിൽ നടന്നു.

### വിശേഷ ദിവസങ്ങൾ

| | | |
|---|---|---|
| മാർച്ച് | 8 ഞായർ | ക്നാനൈത്തോ ഞായർ |
| | 11 ബുധൻ | പാതിനോമ്പ് |
| | 15 ഞായർ | ക്ഫിഫ്ത്തൊ ഞായർ |
| | 17 ചൊവ്വ | പൗലൂസ്മാർ സേവേറിയോസ് തിരുമേനിയുടെ ഓർമ്മ (കൊരട്ടി അരമന) |
| | 22 ഞായർ | സമിയോ ഞായർ, സഭാദിനം |
| | 27 ഞായർ | നാല്പതാം വെള്ളി |
| | 28 ശനി | ലാസറിന്റെ ശനി |
| | 29 ഞായർ | ഓശാന ഞായർ (വി. കുർബ്ബാന 7.00 am) |
| ഏപ്രിൽ | 2 വ്യാഴം | പെസഹ വ്യാഴം |
| | 3 വെള്ളി | ദുഃഖ വെള്ളി |
| | 4 ശനി | ദുഃഖ ശനി (വി. കുർബ്ബാന 7.00 am എളംകുളം ചാപ്പൽ 11.00 am കത്തീഡ്രൽ) |
| | 5 ഞായർ | ഉയിർപ്പ് ഞായർ, പാമ്പാടി തിരുമേനിയുടെ ഓർമ്മ |

### St. Mary's Cathedral Family Association



St. Mary's Cathedral Family Association members on tour to Edamalayar 10th January 2015

### നിര്യാതരായി



അയിനി പൂണിത്തുറ റോഡിൽ കിഴക്കെമുളക്കൽ കോശി ജോണിന്റെ ഭാര്യ ശ്രീമതി **ശാന്ത ജോൺ** 30-01-2015ൽ നിര്യാതയായി. ചിറ്റൂർ റോഡ് സെമിത്തേരിയിൽ അടക്കം ചെയ്തു.



കടവന്ത്ര കുമാരനാശാൻ നഗർ **കവലക്കാട്ട് ജെ. ജോസഫ്** (76 വയസ്സ്) 08.02.2015ൽ നിര്യാതനായി. 09.02.15ൽ എളംകുളം സെമിത്തേരിയിൽ അടക്കം ചെയ്തു.

*ആദരാഞ്ജലികൾ*

## മാര്യേജ് കൗൺസിലിങ്

അടുത്തു നടക്കേണ്ടുന്ന മാര്യേജ് കൗൺസിലിങ് 2015 മാർച്ച് 28-ാം തീയതി ശനിയാഴ്ചയായിരിക്കും നടത്തുക. ഏപ്രിൽ ആദ്യശനിയാഴ്ച, ദുഃഖശനിയാഴ്ച ആയതിനാലാണ് കൗൺസിലിങ് ഓശാനക്കു മുമ്പുള്ള ശനിയാഴ്ചയിലേക്കു മാറ്റിയത്. എല്ലാവരും സഹകരിക്കണം.








Feb.8-10.30a.m., Feb.15-7.00a.m., Feb. 22-10.30a.m. Mar. 01- 7 a.m.